**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 218** **24-02-2026 - ൽ മറുപടിയ്ക്ക്**

**ജലസംരക്ഷണ സാങ്കേതിക വിദ്യകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഐ. ബി. സതീഷ്,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ ജില്ലകളിൽ ജലസംരക്ഷണ സാങ്കേതിക വിദ്യകൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ; | (എ) | ജലനിധി പദ്ധതികളിൽ സ്രോതസ്സുകളുടെ സുസ്ഥിരത ഉറപ്പാക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ഭൂജല സംപോഷണ മാർഗ്ഗങ്ങളായ കിണർ റീചാർജ്ജുകൾ, മഴക്കുഴികൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. മഴക്കാലത്ത് സംഭരണികളിൽ അധികമായി എത്തുന്ന മഴ വെള്ളം ഗാർഹിക ഗാർഹികേതര ആവശ്യങ്ങൾക്ക് യഥേഷ്ടം ഉപയോഗിക്കുവാൻ സാധിക്കുന്നു. വേനൽ മാസങ്ങളിൽ മഴക്കാലത്ത് സംഭരിച്ച് സൂക്ഷിച്ച് വയ്ക്കുന്ന മഴവെള്ളം ചിട്ടയോടെ ഉപയോഗിക്കുന്നതിലൂടെ കുടിവെള്ള ക്ഷാമം പരിഹരിക്കുവാനും സാധിക്കുന്നു. വ്യക്തിഗത കുടുംബങ്ങളിലെ തുറന്ന കിണറുകൾ മഴവെള്ളം ശേഖരിച്ച് റീ ചാർജ്ജ് ചെയ്തും, കിണറുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പുനരുദ്ധരിച്ച് സ്ഥായിയായ ജലസ്രോതസ്സുകളാക്കി മാറ്റിയും ജല വിതാനത്തെ മെച്ചപ്പെടുത്തുന്നതിനു സാധിക്കുന്നു .<br><br>കൂടാതെ ജല സംരക്ഷണ സാങ്കേതിക വിദ്യകൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി പുരമുകളിൽ പെയ്യുന്ന മഴവെള്ളത്തെ പൈപ്പ്, പാത്തി എന്നിവ ഉപയോഗിച്ച് ശാസ്ത്രീയമായി ഫിൽട്ടർ ചെയ്ത് തുറന്ന കിണറുകളിലേയ്ക്ക് നേരിട്ട് കടത്തി വിടുന്നത് വഴി കിണറുകളിലെ ജല വിതാനത്തെ മെച്ചപ്പെടുത്തുന്നതിന് സാധ്യമാകുന്നു. വിവിധ ജില്ലകളിലായി 2936 തുറന്ന കിണറുകൾക്ക് ഇത്തരത്തിലുള്ള റീ ചാർജ്ജ് സാങ്കേതിക വിദ്യ ഏർപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ട്. കൂടാതെ തുറന്ന കിണറുകളുടെ അറ്റകുറ്റ പണികൾ നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിലെ ബി.പി.എൽ വിഭാഗത്തിൽ ഉൾപ്പെടുന്ന 519 കുടുംബങ്ങളിലെ തുറന്ന കിണറുകൾക്ക് കുടി മഴവെള്ളം |

കടത്തിവിട്ട് റീചാർജ്ജിംഗ് സാങ്കേതിക വിദ്യ ഏർപ്പെടുത്തിയിട്ടുണ്ട്.

ഈ ആനുകൂല്യം സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും തെരഞ്ഞെടുക്കപ്പെട്ട ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വിവിധ തരത്തിലുള്ള ജലസംരക്ഷണ സാങ്കേതിക വിദ്യകൾ ജലസേചന വകുപ്പ് പഠനങ്ങളുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്നു. നദികളിലും അവയുടെ കൈവഴികളിലും ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ, ഉപ്പുവെള്ള പ്രതിരോധ തടയണകൾ എന്നീ വിവിധോദ്ദേശ നിർമ്മിതികളിലൂടെ ജലം സംഭരിക്കുന്നതുവഴി ഭൂജലപോഷണം സാധ്യമാകുന്നു. ഇതിനോടൊപ്പം, ജലസേചന നിർമ്മിതികളായ ഡാമുകൾ/തടയണകൾ/റെഗുലേറ്ററുകൾ എന്നിവയ്ക്കു സമീപം അടിഞ്ഞുകൂടിയ ചളി/എക്കൽ/മണൽ/മറ്റുമാലിന്യങ്ങൾ എന്നിവ നീക്കം ചെയ്ത് സംഭരണശേഷി പുനസ്ഥാപിച്ച് ജലലഭ്യത ഉറപ്പുവരുത്തുക എന്നീ പ്രവൃത്തികളും ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഹരിതകേരളം മിഷന്റെ ഉപമിഷനായ "ജലസമൃദ്ധി"- യുടെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും, അവയിൽ മുൻഗണനാടിസ്ഥാനത്തിൽ നിർദ്ദേശിച്ചിട്ടുള്ള ജലസ്രോതസ്സുകളുടെ സംരക്ഷണം/ പുനരുദ്ധാരണം/ സംഭരണശേഷി വർദ്ധിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്തു നിർവ്വഹിക്കാറുണ്ട്. കൂടാതെ, കേരളത്തിന്റെ കാർഷിക മേഖലയുടെ സുസ്ഥിരമായ വളർച്ച ലക്ഷ്യമിട്ട് പരമ്പരാഗത ജലസേചന രീതികളിൽ നിന്ന് മാറി, ചെടികളുടെ വേരുകളിലേക്ക് (Root Zone) നേരിട്ട് കൃത്യമായ അളവിൽ വെള്ളമെത്തിക്കുന്ന സൂക്ഷ്മ ജലസേചന (Micro-Irrigation) രീതികൾക്ക് പ്രത്യേക പ്രാധാന്യം നൽകുന്നു. വാൽവുകൾ, പൈപ്പുകൾ, ട്യൂബുകൾ, എമിറ്ററുകൾ എന്നിവയുടെ ശൃംഖലയിലൂടെ ജലസേചനം നടത്തുന്നതിലൂടെ ജലനഷ്ടം പരമാവധി കുറയ്ക്കാനും നെൽവയലുകൾ മുതൽ തോട്ടവിളകൾ വരെ നീളുന്ന വൈവിധ്യമാർന്ന കാർഷിക മേഖലയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കാനും ഈ സാങ്കേതിക വിദ്യയിലൂടെ സാധ്യമാകും.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും

ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി മഴ കുഴികൾ, ബണ്ടുകൾ, പൊതു സ്വകാര്യ കുളങ്ങളുടെ നിർമ്മാണം, പൊതു കുളങ്ങളുടെ പുനരുദ്ധാരണം, തടയണകൾ, മഴവെള്ളം റീചാർജ് ചെയ്യുന്നതിനുള്ള നിർമ്മിതികൾ തുടങ്ങിയ പദ്ധതികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി.

ഭൂജല വകുപ്പ് വിവിധ ഭൂജലസംരക്ഷണ പദ്ധതികൾ **എല്ലാ ജില്ലകളിലും** നടപ്പിലാക്കി വരുന്നുണ്ട്. ഭൂപ്രകൃതിയുടെ പ്രത്യേകതകൾ അനുസരിച്ചും, ശാസ്ത്രീയമായ ഫീസിബിലിറ്റി പഠനത്തിന്റെയും അടിസ്ഥാനത്തിൽ അനുയോജ്യമായ പ്രദേശങ്ങളിൽ വിവിധ തരം ഭൂജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു . ഭൂജല വിതാനം കുറഞ്ഞ മേഖലകളിൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്തി, ആ പ്രദേശത്തിന് അനുയോജ്യമായ റീചാർജ് പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കുന്നത്. മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ പൊതു സ്ഥാപനങ്ങളിൽ തുറന്ന കിണറുകൾ, മഴക്കുഴികൾ, കുഴൽക്കിണറുകൾ എന്നിവ വഴി ഭൂജല സംപോഷണം ഉറപ്പാക്കുന്നു. കൂടാതെ, ചെറിയ തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളും ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നു. കൂടാതെ ഭൂജല വിനിയോഗ തോത് കൂടുതലുള്ള ചിറ്റൂർ , മലമ്പുഴ , കാസർഗോഡ് , കട്ടപ്പന ബ്ലോക്കുകളിൽ 80% സബ്സിഡി നിരക്കിൽ ഗാർഹിക /സ്വകാര്യ ആവശ്യത്തിന് നിർമ്മിച്ചിട്ടുള്ള കുഴൽ കിണറുകൾ റീചാർജ് ചെയ്യുന്നതിനുള്ള പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുണ്ട് .

പ്രാദേശിക ജലസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി,ഓരോ പ്രദേശത്തിന്റെയും ജലലഭ്യത അറിയുന്നതിന് ജലബജറ്റ് എന്ന പ്രവർത്തനത്തിന് ഹരിതകേരളം മിഷൻ രൂപം നൽകി. CWRDM -ന്റെ സാങ്കേതിക സഹായത്തോടെയാണ് ഈ പ്രവർത്തനം നടത്തിയത്.

സംസ്ഥാനത്തെ മാതൃകാ ബ്ലോക്കുകളിൽ ജലബജറ്റ് നടപ്പിലാക്കുക എന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. ഒരു പ്രദേശത്ത് ഒരു ചെറിയ കാലയളവിൽ ലഭ്യമായ ജലത്തിന്റെയും ആ പ്രദേശത്തെ ആ കാലയളവിലെ ആകെ ജല ആവശ്യവും താരതമ്യം ചെയ്ത് ഓരോ കാലയളവിലും

| | | | |
|---|---|---|---|
| | | | ജലകമ്മിയാണോ ജലമിച്ചമാണോ അനുഭവപ്പെടുന്നതെന്ന് കണ്ടെത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്. തുടർന്ന് ജലകമ്മി അനുഭവപ്പെടുന്ന കാലയളവിൽ അധികജല ലഭ്യത ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ നടത്താനാകും.<br><br>ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ സംസ്ഥാനത്താകെ 535 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജലബജറ്റ് പൂർത്തിയാക്കി റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. 171 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവര ശേഖരണം പൂർത്തിയാക്കി റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനം നടന്നു വരുന്നു.<br><br>ഉപേക്ഷിക്കപ്പെട്ട പാറക്വാറികളിൽ നിന്ന് കൃഷി ആവശ്യങ്ങൾക്കുള്ള ജലം അനെർട്ടിന്റെ സഹായത്തോടെ സോളാർ പമ്പുപയോഗിച്ച് കൃഷിയിടങ്ങളിലേയ്ക്ക് എത്തിക്കുന്ന പദ്ധതിയാണ് ഹരിതകേരളം മിഷൻ ഏറ്റെടുക്കുന്ന മറ്റൊരു പ്രവർത്തനം. കൊല്ലം ജില്ലയിലെ കരീപ്ര ഗ്രാമപഞ്ചായത്തിൽ ആദ്യഘട്ടമായി ഈ പദ്ധതി നടപ്പിലാക്കി. പദ്ധതിയിലെ സാധ്യത കണ്ട് അഞ്ച് ക്വാറികളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതിന് 2024-25 ൽ അനുമതി നൽകി. കൊല്ലം ജില്ലയിലെ കുളക്കട ക്വാറിയിലും എറണാകുളത്തെ ചില്ലംതോട് ക്വാറിയിലും ഈ പ്രവർത്തനം പുരോഗമിക്കുന്നു. തുടർന്ന് 2025-26 സാമ്പത്തിക വർഷത്തിൽ 20 ക്വാറികളിൽ കൂടി ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ജലസേചനം, ജലസംരക്ഷണം എന്നിവ പ്രോത്സാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള നൂതന പദ്ധതികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | (ബി) | ജലനിധി - ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി വിദ്യാലയങ്ങളിൽ ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ KRWSA യ്ക്ക് തുക വകയിരുത്തിയിട്ടുണ്ട്. ജലനിധി പദ്ധതി നടപ്പിലാക്കുമ്പോഴും പിന്നീട് ജലജീവൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായും IEC പ്രവർത്തനങ്ങളിലൂടെ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു .<br><br>ജലനിധി നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയായ ഐ.ഇ.സി, കാര്യശേഷി വർദ്ധിപ്പിക്കൽ, പരിശീലനവും ജലശ്രീ ക്ലബ്ബും-ന്റെ ഭാഗമായി സർക്കാർ / എയ്ഡഡ് വിദ്യാലയങ്ങളിൽ 988 ജലശ്രീ ക്ലബ്ബുകൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ജലസംരക്ഷണം, ജലസാക്ഷരത, ജലത്തിന്റെ മൂല്യം, ദുരുപയോഗം, മലിനീകരണം തടയൽ തുടങ്ങിയവ സംബന്ധിച്ച് ബോധവൽകരണ പരിപാടികൾ ക്ലബ്ബുകൾ മുഖാന്തിരം സംഘടിപ്പിക്കുന്നു. ഇതിന്റെ ആവശ്യത്തിലേക്ക് റോഡ് |

| | | | |
|---|---|---|---|
| | | | ഷോകൾ, കിറ്റി ഷോകൾ, ശില്പശാലകൾ, വിവിധയിനം മത്സരപരിപാടികൾ, ഷോർട്ട് ഫിലിം നിർമ്മിക്കൽ തുടങ്ങിയവ ക്ലബിന്റെ നേതൃത്വത്തിൽ വിദ്യാലയങ്ങങ്ങൾക്ക് വേണ്ടി അവതരിപ്പിക്കുന്നു. ഇപ്രകാരം വിദ്യാർത്ഥികൾക്കിടയിൽ ജലസംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു.<br><br>കേരളത്തിലെ ജലക്ഷാമം പരിഹരിക്കാനും ഭൂഗർഭജല നിരപ്പ് ഉയർത്താനും ലക്ഷ്യമിട്ട് ഭൂജല വകുപ്പ് വിവിധ ജലസംരക്ഷണ പദ്ധതികൾ നടപ്പിലാക്കി വരുന്നു. പൊതുസ്ഥാപനങ്ങളിലാണ് ഇത്തരം കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്. ഭൂജല സംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ജലസംരക്ഷണ രീതികളെക്കുറിച്ചും 'ഭൂജല നിയന്ത്രണവും ക്രമീകരണവും' എന്ന പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി വകുപ്പ് ബോധവൽക്കരണ സെമിനാറുകൾ നടത്തിവരുന്നു. ഭൂജല സംപോഷണം, സംരക്ഷണം എന്നീ മേഖലകളിൽ വിദ്യാർഥികൾ, പൊതുജനങ്ങൾ, ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്കിടയിൽ അവബോധം സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.<br><br>പ്രസ്തുത സെമിനാറുകളിൽ ഭൂജല സംരക്ഷണത്തിന്റെ പ്രാധാന്യം, ജലമലിനീകരണം തടയൽ, ഭൂജലത്തിന്റെ ദുരുപയോഗം നിയന്ത്രിക്കൽ എന്നിവയെക്കുറിച്ച് വിശദമായ ക്ലാസുകൾ നൽകുന്നു. പ്രധാനമായും വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ചാണ് ഇത്തരം ക്ലാസുകൾ സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് ശാസ്ത്രീയമായ ജലസംരക്ഷണ പ്രവർത്തനങ്ങളെക്കുറിച്ച് ആഴത്തിലുള്ള അറിവ് ലഭിക്കാൻ ഇത്തരം സെമിനാറുകൾ വളരെ പ്രയോജനകരമാണ്. |
| (സി) | നൂതന ജലശേഖരണ സംവിധാനങ്ങൾ സംസ്ഥാനത്ത് എത്ര സ്കൂളുകളിലും പഞ്ചായത്തുകളിലും നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കാമോ? | (സി) | കെ.ആർ.ഡബ്ല്യു.എസ്സ്.എ-യുടെ നേതൃത്വത്തിൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 2012-13 സാമ്പത്തിക വർഷം മുതൽ "മഴവെള്ള സംഭരണം ഭൂജല പരിപോഷണം" പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ ഭാഗമായി കുടിവെള്ളക്ഷാമം നേരിടുന്ന മലയോര, തീരദേശ, പിന്നോക്ക ഗ്രാമപഞ്ചായത്തുകളെ തെരഞ്ഞെടുത്ത് പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കുന്നു. അർഹരായ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്തുകൾ ഗ്രാമസഭ വഴി തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വ്യക്തിഗത കുടുംബങ്ങൾക്കും തെരഞ്ഞെടുക്കപ്പെട്ട സർക്കാർ വിദ്യാലയങ്ങൾക്കും ഈ പദ്ധതി ലഭ്യമാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | കെ.ആർ.ഡബ്ല്യൂ.എസ്.എ. പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ‘മഴവെള്ള സംഭരണം – ഭൂജല പരിപോഷണം’ പദ്ധതിയുടെ ഭാഗമായി രൂക്ഷമായ കുടിവെള്ള ക്ഷാമം നേരിടുന്ന വ്യക്തിഗത കുടുംബങ്ങൾക്ക് 10,000 ലിറ്റർ ശേഷി മഴവെള്ളം സംഭരിച്ച് ഉപയോഗിക്കുവാൻ സഹായകരമായ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്നതിലൂടെ മഴക്കാലത്ത് പുരമുകളിൽ പെയ്ത് ഇറങ്ങുന്ന മഴവെള്ളം വെറുതെ പാഴാക്കി കളയാതെ പാത്തി പൈപ്പുകൾ ഉപയോഗിച്ച് ശാസ്ത്രീയമായി ശുദ്ധീകരിച്ച് സംഭരണിയിൽ ശേഖരിച്ച് ഗാർഹീക-ഗാർഹീകേതര ആവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ സാധിക്കുന്നു. ചെലവു കുറഞ്ഞതും, ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് നിർമ്മിക്കുന്ന മഴവെള്ള സംഭരണികൾക്ക് ആവർത്തന ചെലവില്ലാതെ ഉപയോഗിക്കുവാൻ സാധിക്കുന്നത് ഒരു വലിയ നേട്ടമാണ്.<br><br>വിവിധ കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ ഭൂജല വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കി വരുന്നുണ്ട്. മേൽക്കൂര വഴിയുള്ള മഴവെള്ളക്കൊയ്ത്തിലൂടെ തുറന്ന കിണറുകൾ, മഴക്കുഴികൾ, കുഴൽക്കിണറുകൾ ചെറിയ തടയണകളുടെ നിർമ്മാണം, കുളങ്ങളുടെ നവീകരണം തുടങ്ങിയ പ്രവൃത്തികളാണ് പ്രധാനമായും ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത് സർക്കാർ, അർദ്ധ-സർക്കാർ സ്ഥാപനങ്ങളിലും സർക്കാർ/ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലുമാണ് ഇത്തരം കൃത്രിമ ഭൂജല സംപോഷണ പദ്ധതികൾ പ്രധാനമായും നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ